വരുമാനം ജി.എസ്.ടി.-യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ 2015-16 ധനകാര്യ വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നികുതി വരുമാന കുറവിനുള്ള നഷ്ട പരിഹാരം കേന്ദ്രം നൽകുന്നുണ്ട്.

## ജി.എസ്.റ്റി. ഏർപ്പെടുത്തിയതിനുശേഷം നികുതിയിനത്തിൽ ഉണ്ടായ വർദ്ധനവ്

97 (495) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കുന്നതിനുമുൻപ് വാണിജ്യ നികുതി ഇനത്തിൽ എത്ര തുകയാണ് സർക്കാരിന് ലഭിച്ചുകൊണ്ടിരുന്നത്; ജി.എസ്.ടി ഏർപ്പെടുത്തിയതിനു ശേഷം നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) നികുതി ഇനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ ഇത് കോംപൻസേറ്റ് ചെയ്യുന്നതിന് കേന്ദ്രത്തിൽ നിന്ന് ഏതു വിധത്തിലുള്ള സഹായമാണ് ലഭിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് 2017-18 വർഷത്തിൽ, ജി.എസ്.ടി വരുമാനം ലഭിക്കുന്നതിനു മുമ്പുള്ള നാലുമാസങ്ങളിലെ (ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ) ശരാശരി വാണിജ്യനികുതി വരുമാനം 1,584.27 കോടി രൂപയാണ്. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly